പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ4106 — 24/10/2016 ൽ മറുപടിനൽകേണ്ടി യിരുന്നത്

(സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡം)

| ചോദ്യം<br>ശ്രീ.എം.വിൻസെന്റ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.റോജി.എം.ജോൺ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡം പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | സർക്കാർ സർവ്വീസിൽ സ്ഥലംമാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പൊതുസ്ഥലം മാറ്റ വ്യവസ്ഥകൾ നിലവിലുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ വകുപ്പുകളിൽ നടത്തിയ സ്ഥലംമാറ്റം സംബന്ധിച്ച് വകുപ്പ് തിരിച്ച് വിശദാംശം നൽകാമോ; | (ബി) | പൊതു സ്ഥലം മാറ്റം ബാധകമായിട്ടുള്ള വകുപ്പുകളിൽ, 2016 സർക്കാർ നിലവിൽ വന്നതു മുതൽ 24.10.16 വരെയുള്ള കാലയളവിൽ നടത്തിയ സ്ഥലംമാറ്റം സംബന്ധിച്ച് വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു . |
| (സി) | സ്ഥലംമാറ്റത്തിന് ഏതെല്ലാം വിഭാഗത്തിന് പ്രത്യേക പരിരക്ഷ നൽകുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | (സി) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗസ്ഥർ,അംഗവൈകല്യം സംഭവിച്ചവർ,മിശ്രവിവാഹിതർ / നിയമപരമായി കുട്ടികളെ ദത്തെടുത്തിട്ടുള്ള സർക്കാർ ജീവനക്കാർ,വിമുക്ത ഭടന്മാർ സൈനികരുടെ ആശ്രിതർ,സ്വാതന്ത്ര്യ സമരസേനാനികളുടെ ഭാര്യ/ മകൻ/ മകൾ,ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ രക്ഷിതാക്കൾ,അംഗീകൃത സർവ്വീസ് സംഘടനകളുടെ സംസ്ഥാന തല പ്രസിഡന്റ്/ ജനറൽ സെക്രട്ടറി,മൂകരും ബധിരരുമായ കുട്ടികളുടെ രക്ഷിതാക്കൾ വിധവകൾ /വിഭാര്യർ,മൂകരും ബധിര രുമായ ഉദ്യോഗസ്ഥർ,പ്രവാസി കേരളീയരുടെ ഭാര്യ/ |

| | | | |
|---|---|---|---|
| | | | ഭർത്താവ്,അർദ്ധ സൈനിക വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന സൈനികരുടെ ആശ്രിതർ, അന്ധരായ ഉദ്യോഗസ്ഥർ, നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസിയിലെ ഉദ്യോഗസ്ഥരുടെ ആശ്രിതരായ ഏറ്റവും അടുത്ത ഒരു കുടുംബാംഗം (ഭാര്യ/മകൻ/മകൾ) എന്നീ വിഭാഗങ്ങൾക്ക് പ്രത്യേക പരിരക്ഷ നൽകുന്നുണ്ട്. |
| (ഡി) | മാനദണ്ഡത്തിന് വിരുദ്ധമായി ട്രാൻസ്ഫർ നടത്തിയെന്ന പരാതിയിൽ എന്തു നടപടി സ്വീകരിച്ചു; | (ഡി) | മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ് സ്ഥലംമാറ്റം നടത്തിവരുന്നത്. ക്രമ വിരുദ്ധമായി സ്ഥലം മാറ്റിയതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.ലഭ്യമായ പരാതികൾ അതാതു വകുപ്പുകൾ പരിഹരിച്ചിട്ടുണ്ട്. |
| (ഇ) | ക്രമ വിരുദ്ധമായി സ്ഥലം മാറ്റിയതു മൂലം ജീവനക്കാർ ജീവനൊടുക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമൂലം എത്ര ജീവനക്കാർ ജീവനൊടുക്കിയിട്ടുണ്ട്; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (എഫ്) | സർക്കാർ അംഗീകരിച്ച മാനദണ്ഡത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോ? | (എഫ്) | സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ് സ്ഥലംമാറ്റം നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം(1)

| വകുപ്പ് | സ്ഥലംമാറ്റംസംബന്ധിച്ച് വകുപ്പ്തിരിച്ചുള്ളവിശദാംശങ്ങൾ |
|---|---|
| ലീഗൽ മെട്രോളജി | 144 |
| വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ | 55 |
| കെമിക്കൽ എക്സാമിനേഴ്സ് | 8 |
| പുരാരേഖ | 2 |
| ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻ | 17 |
| ഹാർബർ എഞ്ചിനീയറിംഗ് | 12 |
| ഹൈഡ്രോഗ്രാഫിക് സർവ്വെവിംഗ് | 12 |
| ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് | 732 |
| മ്യൂസിയം മൃഗശാല | 3 |
| എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് | 156 |
| പുരാവസ്തു | 3 |
| ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയം | 144 |
| ഫിഷറീസ് | 9 |
| സാമൂഹ്യ നീതി ഡയറക്ടറേറ്റ് | 16 |
| വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയം | 364 |
| ജലഗതാഗത ഡയറക്ടറേറ്റ് | 32 |
| പൊതുവിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം | 6 |
| മൈനിങ് ആൻഡ് ജിയോളജി | 4 |
| സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ കാര്യാലയം | 328 |
| സർവ്വെയും ഭൂരേഖയും | 743 |
| മൃഗസംരക്ഷണം | 643 |
| സംസ്ഥാന നികുതി കമ്മീഷണറുടെ കാര്യാലയം | 1025 |
| ദേശീയ സമ്പാദ്യ പദ്ധതി | 2 |
| തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി വിദ്യാഭ്യാസം | 14 |
| ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | 4 |
| ക്ഷീര വികസനം | 186 |

| | |
|---|---|
| രജിസ്ട്രേഷൻ ഇൻസ്‌പെക്ടർ ജനറലിന്റെ കാര്യാലയം | 1087 |
| വ്യവസായ പരിശീലനം | 367 |
| കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ | 150 |
| കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് | 2 |
| സഹകരണ സംഘം രജിസ്ട്രാറുടെ കാര്യാലയം | 525 |
| പോലീസ് | 3345 |
| പൊതുമരാമത്ത് | 822 |
| പൊതു വിതരണ ഉപഭോക്തൃ കാര്യ കമ്മീഷണറുടെ കാര്യാലയം | 142 |
| മെഡിക്കൽ വിദ്യാഭ്യാസം | 382 |
| ഡ്രഗ്സ് കൺട്രോൾ | 2 |
| സർവേയും ഭൂരേഖയും | 743 |
| ട്രഷറി | 645 |
| സാങ്കേതിക വിദ്യാഭ്യാസം | 691 |
| നാഷണൽ എംപ്ലോയ്‌മെന്റ് സർവ്വീസ് | 151 |
| ലേബർ കമ്മീഷണറുടെ കാര്യാലയം | 121 |
| വനംവന്യജീവി | 46 |
| ഫാക്ടറീസ് ആൻഡ് ബോയ്‌ലേഴ്സ് | 26 |
| ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് | 72 |
| ഭാരതീയ ചികിത്സ | 537 |
| ഭാഗ്യക്കുറി ഡയറക്ടറേറ്റ് | 66 |
| ഹോമിയോപ്പതി ഡയറക്ടറേറ്റ് | 182 |
| പട്ടികവർഗ്ഗവികസനം | 77 |
| അച്ചടി | 136 |
| കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം | 18 |